(സി) അംഗങ്ങളെ നിയമിച്ചതിൽ അഴിമതി നടന്നതായി വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ട് എങ്കിൽ ഇതിന്മേൽ വകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 14 ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലുമായി 25 അംഗങ്ങൾ നിയമിതരായിട്ടുണ്ട്.

(ബി) (i) കമ്മീഷനിലും ഫോറങ്ങളിലും ഒരു അംഗം വനിതയായിരിക്കണം.

(ii) 35 വയസ്സ് പൂർത്തിയായിരിക്കണം.

(iii) അംഗീകൃത സർവ്വകലാശാലയിൽനിന്നും നേടിയ ബിരുദം.

(iv) സാമൂഹിക, സാമ്പത്തിക, നിയമ, വ്യാവസായിക വിഷയങ്ങളിൽ 10 വർഷത്തിൽ കുറയാതെയുള്ള ഇടപെടലും പ്രവർത്തന പരിചയവും.

(സി&ഡി) ഇല്ല. അടിസ്ഥാനരഹിതമായ വാർത്തകളായിരുന്നു അവ. മാനദണ്ഡങ്ങൾ പാലിച്ചുമാത്രമാണ് എല്ലാ നിയമനങ്ങളും നടത്തിയിട്ടുള്ളത്.

ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനം

239 (1273) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഫോറത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദീകരിക്കാമോ ;

(സി) ഉപഭോക്തൃഫോറങ്ങൾ പുനഃസംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) ഇത്തരം ഫോറങ്ങൾ പ്രാദേശികമായി പുനഃസംഘടിപ്പിക്കുന്നത് പരിഗണിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനതലത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ജില്ലാതലങ്ങളിൽ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 1986-ലെ ദേശീയ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ദേശീയ സംസ്ഥാന കമ്മീഷനുകളും ജില്ലാ ഫോറങ്ങളും പ്രവർത്തിച്ചുവരുന്നത്. ഉപഭോക്താവ് എന്ന നിലയിലുള്ള പൊതുജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുകയാണ് പ്രധാനമായും കമ്മീഷന്റെയും ഫോറങ്ങളുടെയും പ്രവർത്തനംവഴി ലക്ഷ്യമിടുന്നത്. ഉപഭോക്താവിന്റെ സുരക്ഷയ്ക്കുള്ള അവകാശം, ഉൽപ്പന്നം/സേവനം സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും അറിയാനുള്ള അവകാശം, തെരഞ്ഞെടുക്കുവാനുള്ള അവകാശം, പരാതിപ്പെടാനുള്ള അവകാശം, പരിഹാരം തേടാനുള്ള അവകാശം, ഉപഭോക്തൃ വിദ്യാഭ്യാസത്തിനുള്ള അവകാശം എന്നിവ സംരക്ഷിക്കപ്പെടേണ്ടതും ഇവയുടെ പ്രധാന ലക്ഷ്യത്തിൽപ്പെടുന്നു. ഉപഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ വേഗത്തിൽ പരാതി പരിഹാരം ലഭ്യമാക്കുക എന്നതും കമ്മീഷൻ/ഫോറങ്ങൾ ലക്ഷ്യമിടുന്നു.

(സി&ഡി) ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമാണ് ഉപഭോക്തൃ ഫോറങ്ങളിൽ നിയമനം നടത്തുന്നത്. പ്രസിഡന്റുമാരുടെയും അംഗങ്ങളുടെയും നിയമന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവുകൾ നികത്തുകയാണ് ചെയ്യുന്നത്. 5 വർഷം തികയുന്നതോ അല്ലെങ്കിൽ 65 വയസ്സ് പൂർത്തിയാകുന്നതോ ഏതാണോ ആദ്യം എന്നതാണ് പ്രസിഡന്റുമാരുടേയും അംഗങ്ങളുടേയും നിയമന കാലാവധി. എല്ലാ ജില്ലാ ഫോറങ്ങളിലെയും ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നുണ്ട്.

സ്കൂളുകളിലെ ഉപഭോക്തൃ സംരക്ഷണ ക്ലബ്ബുകൾ

240 (1274) ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സ്കൂളുകളിൽ ഉപഭോക്തൃ സംരക്ഷണ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) എന്തെല്ലാം ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളാണ് പ്രസ്തുത ക്ലബ്ബുകൾവഴി നടത്തിവരുന്നത് ; വിശദാംശങ്ങൾ നല്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly